എഞ്ചിനുകളും 1289 വള്ളങ്ങളും 165 ടൺ വലയും വിതരണം ചെയ്തു. ഈ വർഷം 16.90 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം ലഭിച്ചുകഴിഞ്ഞു. ദേശീയ പിന്നോക്ക വികസന കോർപ്പറേഷന്റെ സഹായത്തോടെ 16 കോടി രൂപയുടെയും ദേശീയ ന്യൂനപക്ഷ വികസന കോർപ്പറേഷന്റെ സഹായത്തോടെ 1.52 കോടി രൂപയുടെയും വിവിധ സഹായ പദ്ധതികളും ഈ മേഖലയിൽ നടപ്പിലാക്കിവരുന്നു. 2.52 കോടി രൂപയുടെ മറ്റൊരു വായ്പാ പദ്ധതിക്കും ദേശീയ പിന്നോക്ക വികസന കോർപ്പറേഷനിൽ നിന്നും അംഗീകാരം ലഭിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിതമായി മത്സ്യബന്ധന പ്രവർത്തനങ്ങളിലേർപ്പെടുന്നതിനും വിപണന സൗകര്യം ഒരുക്കികൊടുക്കുന്നതിനും സമുദ്രമേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ട്. ഇത് ബഹുമാനപ്പെട്ട ഫ്രാൻസിസ് സൂചിപ്പിച്ച ഒരു കാര്യമാണ്. ഇതിനായി ഫിഷിംഗ് ഹാർബറുകളും ലാന്റിംഗ് സെന്ററുകളും നിർമ്മിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു. കണ്ണൂരിലെ മാപ്പിള ബേ ഫിഷിംഗ് ഹാർബറും, ചോമ്പാലിലെ ഫിഷിംഗ് ഹാർബറും, തങ്കശ്ശേരി ഫിഷിംഗ് ഹാർബറിന്റെ 1-ാം ഘട്ട പണിയും പൂർത്തീകരിച്ച് മേയ് 99-ൽ തന്നെ കമ്മീഷൻ ചെയ്തു. മുനമ്പം ഹാർബറിന്റെ പണി ഏതാണ്ട് തീർന്നശേഷം ചില ഡിഫക്ടുകൾ വന്നിട്ടുള്ളതുകൊണ്ട് അതിന്റെ പണി ഇപ്പോൾ പുരോഗമിപ്പിക്കുകയാണ്. മുതലപ്പൊഴി, പൊന്നാനി, തലായി എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ കാര്യം പ്രത്യേകമെടുത്ത് പറഞ്ഞതാണ്. ഇവയുടെ പണി ആരംഭിക്കുന്നതിനുള്ള പ്രാഥമിക പ്രവർത്തനങ്ങൾ നടന്നുവരുന്നു. അതുപോലെതന്നെ കൊയിലാണ്ടിയിൽ ഫിഷിംഗ് ഹാർബർ സ്ഥാപിക്കണമെന്ന ആവശ്യം വളരെക്കാലമായി ഉയർന്നു വരുന്നു. ഇതിനാവശ്യമായ മാതൃകാപഠനം നടത്താൻ ഈ വർഷം തന്നെ നടപടിയെടുക്കും. കൂടാതെ കാട്ടൂർ, പുന്നപ്ര എന്നിവിടങ്ങളിലെ ഫിഷ് ലാന്റിംഗ് സെന്ററുകളിലെ പണി പുരോഗമിച്ചുവരുന്നു. കൂടാതെ എറണാകുളം ജില്ലയിലെ നായരമ്പലത്തും തിരുവനന്തപുരത്ത് പൂന്തുറയിലും വലിയതുറയിലും പൂവാറിലും, കോഴിക്കോട് ജില്ലയിലെ തിക്കോടിയിലും കാസർഗോഡ് കാഞ്ഞങ്ങാട്ടും, കൊല്ലം ജില്ലയിൽ ആലപ്പാട്ടും, ആലപ്പുഴ ജില്ലയിൽ ആറാട്ടുപുഴയിലും, തൃശ്ശൂർ ജില്ലയിൽ കൈപ്പമംഗലത്തും, മലപ്പുറം ജില്ലയിൽ പരപ്പനങ്ങാടിയിലും, കണ്ണൂർ ജില്ലയിൽ ധർമ്മടത്തും, കാസർഗോഡ് ജില്ലയിൽ ഓരി, എന്നിവിടങ്ങളിലും ഈ വർഷം ഫിഷ് ലാന്റിംഗ് സെന്ററുകൾ സ്ഥാപിക്കുന്നതാണ്. കടൽ മേഖലയിൽ മത്സ്യ ഉൽപാദനം വർദ്ധിപ്പിക്കാനും മത്സ്യബന്ധന പ്രവർത്തനങ്ങളേർപ്പെടുത്താനും സൗകര്യമൊരുക്കിക്കൊടുക്കുന്നതിന് നൽകുന്ന പ്രാധാന്യത്തോടൊപ്പം മത്സ്യ വിൽപ്പനയിലും അവരെ സഹായിക്കേണ്ടതുണ്ട്. ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും മോചിപ്പിച്ച് സഹകരണസംഘങ്ങളിലൂടെ മത്സ്യം ലേലം ചെയ്ത് വിൽക്കുന്നതിനും ആദ്യ വിൽപ്പനാവകാശം മത്സ്യത്തൊഴിലാളികൾക്ക് തന്നെ ലഭിക്കാനും മത്സ്യലേലം ശക്തിപ്പെടുത്തിവരികയാണ്.

VIII. ക്രമപ്രശ്നം

സഭയിൽ പ്രസംഗം എഴുതി തയ്യാറാക്കി വായിക്കുന്നത് സംബന്ധിച്ച്

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. മെമ്പേഴ്സ് ഹാന്റ്ബുക്കിൽ വളരെ ക്ലിയറായി പറഞ്ഞിരിക്കുകയാണ്, സഭയിൽ എഴുതി വായിക്കാൻ പാടില്ലെന്ന്. ഞാൻ അത് ഉന്നയിക്കാൻ കാരണം, ചിലരൊക്കെ ഇത് ചെയ്തു വരുന്നു. മന്ത്രിമാർ ഇതുപോലെ ചെയ്യുന്നത് ഒരി

LIBRARY ARCHIVES Kerala Legislative Assembly

ക്കലും ശരിയല്ല. ഹാന്റ്ബുക്കിൽ പറയുന്നതിന് വിരുദ്ധമായി എഴുതി വായിക്കുന്ന രീതി ശരിയല്ല. അതുകൊണ്ട് ഇത് അങ്ങ് തടയണം. ഹാന്റ്ബുക്കിൽ വളരെ ക്ലിയറായി പറഞ്ഞിട്ടുള്ള കാര്യമാണ്. ഒരു മെമ്പർ ആദ്യമായി സഭയിലേക്ക് തെരഞ്ഞെടുത്ത് വരുമ്പോൾ, അത് ഹാന്റ്ബുക്കിൽ വളരെ ക്ലിയറായി പറഞ്ഞിട്ടുണ്ട്, ആ മെമ്പർ അത് ചെയ്യുകയാണെങ്കിൽ നമ്മളാരും ഒബ്ജക്ട് ചെയ്യാറില്ല. അത് ഹാന്റ്ബുക്കിൽ വളരെ ക്ലിയറായി പറഞ്ഞിട്ടുള്ളതാണ്. ഇത് ഈ സഭയിലെ ഏറ്റവും പഴക്കം ചെന്ന, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെക്കാൾ കൂടുതൽ പഴക്കം ചെന്ന ബഹുമാനപ്പെട്ട രാമകൃഷ്ണൻ ഇത് എഴുതി വായിച്ചത് ഇതിനെല്ലാം കടകവിരുദ്ധമാണ്. അത് തടയേണ്ടതാണ്.

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) : സർ, ഇത് ചില പോയിന്റ്സ് എഴുതികൊണ്ടുവന്നിട്ടുള്ളതാണ് വായിക്കുന്നത്. അത്രയേ ഉള്ളൂ. ശ്രീ. ആര്യാടന് കേൾക്കാൻ വിഷമമുള്ള കാര്യമാണെങ്കിൽ അത് പറഞ്ഞാൽ മതി. അതല്ലാതെ ഇത് പറയാൻ പാടില്ലെന്ന് എന്തിനാണ് പറയുന്നത്?

ശ്രീ. കെ.എം. മാണി : സർ, If you want you can refer a book, You can refer a file- But ഇവിടെ പ്രസംഗം എഴുതി വായിക്കുന്നുണ്ട്. പക്ഷേ മുകൾതൊട്ട് താഴെവരെ വായിച്ചുകേൾപ്പിക്കുകയെന്ന് പറഞ്ഞാൽ എങ്ങനെയാണ്? മന്ത്രിമാർ ഇപ്പോൾ അത് നടപടിക്രമമായിട്ടെടുത്തിരിക്കുകയാണ്. അത് അങ്ങ് തടയണം.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : ഇതിനിടയ്ക്ക് ഒരു Sweeping Generalisation ആണ് ബഹുമാനപ്പെട്ട മാണി നടത്തിയിരിക്കുന്നത്. സകല മന്ത്രിമാരും എഴുതി വായിക്കുകയാണ്. എവിടത്തെ കാര്യമാണ് പറയുന്നത്? ബഹുമാനപ്പെട്ട ആര്യാടൻ വായിക്കണ്ട, എനിക്കറിയാം. ഇത് ഒരു കമന്റാണ്. ഒരു മന്ത്രിയുടെ ഒരു പ്രസംഗത്തിലെ റഫറൻസ് സംബന്ധിച്ച് പോയിന്റ് ഓഫ് ഓർഡർ പറഞ്ഞുകൊണ്ട് ശ്രീ. കെ. എം. മാണി പറയുന്നു, ഇവിടത്തെ മന്ത്രിമാരെല്ലാം എഴുതി വായിക്കുകയാണെന്നുള്ള General Sweeping Comment നടത്തുന്നത് ശരിയാണോ? അത് മര്യാദയാണോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. മന്ത്രിമാർ എഴുതി വായിക്കുകയാണെന്ന് പറഞ്ഞു ബഹുമാനപ്പെട്ട ശിവദാസമേനോൻ എഴുതിവായിക്കുകയാണെന്ന് പറഞ്ഞു. അത് വസ്തുതകൾക്ക് തീരെ നിരക്കാത്തതാണ്. ഞാൻ എന്റെ ജീവിതത്തിൽ എഴുതി വായിക്കലില്ല. ബഹുമാനപ്പെട്ട ആര്യാടൻ പറയട്ടെ, അല്ലെങ്കിൽ ബഹുമാനപ്പെട്ട കാർത്തികേയൻ പറയട്ടെ ഞാൻ എഴുതി വായിച്ചിട്ടുണ്ടെന്ന്, ബഹുമാനപ്പെട്ട മാണി പറയണ്ട. ഞാൻ ഇന്നുവരെ എഴുതി വായിച്ചിട്ടില്ല.

മി. സ്പീക്കർ : നമുക്ക് ക്ലോസ് ചെയ്യാം. (ബഹളം).....

ശ്രീ. ടി. ശിവദാസമേനോൻ : സർ, ഫൈനാൻസ് വകുപ്പുമന്ത്രിമാരുടെ യോഗത്തിൽവരെ Extempore ആയി പ്രസംഗിക്കുന്ന ആളാണ് ഞാൻ. ആ സ്റ്റേറ്റ്മെന്റ് പിൻവലിക്കണം. No, It is not a fact. ഇന്നുവരെ ഞാൻ എന്റെ പ്രസംഗങ്ങൾ ഇവിടെ എഴുതി വായിച്ചിട്ടില്ല. (ബഹളം)..... ബഹുമാനപ്പെട്ട മാണി ഒഴിച്ച് മറ്റ് പ്രതിപക്ഷനേതാക്കൻമാർ പറയട്ടെ.

മി. സ്പീക്കർ : അങ്ങ് പറഞ്ഞത് രേഖപ്പെടുത്തി.

ശ്രീ. ടി. ശിവദാസമേനോൻ : സർ, ഞാൻ എഴുതി വായിക്കാറില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : അത് രേഖയിലുണ്ട്.

ശ്രീ. ടി. ശിവദാസമേനോൻ : സർ, കേന്ദ്ര മന്ത്രി വിളിക്കുന്ന യോഗത്തിൽവരെ, ധനകാര്യ വകുപ്പുമന്ത്രിമാരുടെ യോഗത്തിൽവരെ Extempore ആയിട്ട് പ്രസംഗിക്കുന്ന ആളാണ് ഞാൻ (ബഹളം).....

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, ബഹുമാനപ്പെട്ട മാണി അത് പിൻവലിക്കണം.

ശ്രീ. ടി. ശിവദാസമേനോൻ : സർ, പ്രതിപക്ഷനേതാക്കന്മാരിലൊരാൾ പറയട്ടെ, ഞാൻ എഴുതി വായിച്ചുവെന്ന്.

മി. സ്പീക്കർ : വെറുതെ സമയം കളയരുത്.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ഞാൻ എഴുതി വായിക്കുമെന്ന് ലോകത്ത് ആരും പറയുകയില്ല. ശ്രീ. മാണി അല്ലാതെ, ധനകാര്യമന്ത്രിമാരുടെ യോഗത്തിൽ വരെ extempore ആയിട്ട് പ്രസംഗിക്കുന്ന ആളാണ് ഞാൻ. No, No, No. Sir, he has to withdraw.

ഇന്നുവരെ എഴുതി വായിച്ചിട്ടില്ല ഞാൻ.

മി.സ്പീക്കർ : Please, Please, Please ബഹുമാനപ്പെട്ട ധനകാര്യവകുപ്പു മന്ത്രി പറഞ്ഞ കാര്യം രേഖയിലുണ്ട്. അത് അപ്പടി സ്വീകരിച്ചിരിക്കുന്നു. അതിൽ യാതൊരു സംശയവുമില്ല. അങ്ങ് പറഞ്ഞ കാര്യം തന്നെയാണ് ഇവിടെ സ്വീകരിക്കുക, ശ്രീ. മാണി പറഞ്ഞത് ഞാൻ പറയാം. ഞാൻ പറയാൻ പോകുകയാണ്. ശ്രീ ആര്യാടൻ മുഹമ്മദ് ഹാന്റ്ബുക്കിലെ ഒരു കാര്യം ചൂണ്ടിക്കാണിച്ചത് നല്ലതാണ്. അത് വായിക്കേണ്ട കാര്യമില്ല. വായിക്കുകയെന്നു പറഞ്ഞാൽ ബാക്കിയുള്ള ആരും ഹാന്റ് ബുക്ക് വായിക്കാതെ.....Please, Please. വായിക്കണ്ട അങ്ങ് ചൂണ്ടിക്കാണിച്ചു. അതിലാർക്കും തർക്കമില്ലല്ലോ. ഇവിടെ മുമ്പും ഈ പ്രശ്നം ഉന്നയിച്ചിട്ടുണ്ട്. റൂളിംഗ് ഉണ്ടോയെന്ന് എനിക്ക് അറിയില്ല. ഉന്നയിക്കപ്പെട്ടിട്ടുണ്ട്. ഇവിടെ എഴുതി വായിക്കുന്ന കാര്യം മന്ത്രിമാരെല്ലാം ചെയ്യുന്നുവെന്നു പറഞ്ഞു. Generalise ചെയ്യണ്ട. ആരെങ്കിലും ചെയ്യുന്നുവെങ്കിൽ അത് ഇവിടെ ഉന്നയിക്കപ്പെട്ടതുകൊണ്ട് ഞാൻ പറയുകയാണ്. അതിനു മേൽ ഒരു ചർച്ച നടത്തി റൂളിംഗിന്റെ ആവശ്യമുണ്ടെന്ന് ചെയർ കരുതുന്നില്ല. കാരണം റൂൾ എഴുതിവച്ചിട്ടുണ്ട്. അതിന്റെ പുറത്ത് റൂളിംഗിന്റെ ആവശ്യമില്ല. Please. Please hear me. പിന്നെ ഒരു റൂളിംഗിന്റെ ആവശ്യമില്ലെന്നു ഞാൻ പറയുകയാണ്. പിന്നെ പൊതുവിൽ, അങ്ങ് പറഞ്ഞതുകേട്ടു. അങ്ങ് പറഞ്ഞതു സ്വീകരിച്ചു.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ബഹുമാനപ്പെട്ട മാണി ഒഴിച്ച് ബാക്കി ആരെങ്കിലും പറയട്ടെ, ഞാൻ എഴുതി വായിക്കുകയാണ് പതിവെന്ന്. അതവിടെ ഇരിക്കട്ടെ. അത് പിൻവലിക്കണം. എന്തെങ്കിലും പറയാമോ?

മി. സ്പീക്കർ : Please, സഹകരിക്കുക, ആരെങ്കിലും ചെയ്താൽ അതിനെ നിരുത്സാഹപ്പെടുത്തണമെന്നല്ലാതെ അത് നിരോധിക്കേണ്ട ഒരു കാര്യമായിട്ട് ചെയർ കാണുന്നില്ല. അത്രയേയുള്ളൂ. അതുകൊണ്ട് അദ്ദേഹത്തിന്റെ പ്രസംഗം തുടരട്ടെ.

ശ്രീ. ആര്യാടൻ മുഹമ്മദ് : ഞാൻ ബഹുമാനപ്പെട്ട സ്പീക്കറെ ഓർമ്മപ്പെടുത്തുകയാണ്. ഇവിടെ ബഹുമാനപ്പെട്ട ശിവദാസമേനോന്റെ കാര്യത്തിൽ ഞാൻ സംതൃപ്തനാണ്. കാരണം അദ്ദേഹം പറഞ്ഞത് എന്താണ്, ഞാൻ ചെയ്തില്ലെന്നു പറഞ്ഞാൽ ഒരിക്കലും ചെയ്യാൻ പാടുള്ളതല്ലയെന്നാണ്. അതുകൊണ്ട്.....

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : അത് implied ആണ്. അത് പ്രത്യേകം പറയേണ്ട കാര്യമില്ല.

ശ്രീ. ടി.കെ. രാമകൃഷ്ണൻ : ഇവിടെ തമ്പി സാർ സ്പീക്കർ ആയിരിക്കുമ്പോൾ ഇക്കാര്യത്തിൽ റൂളിംഗ് ഉണ്ടായിട്ടുണ്ട്. ആ റൂളിംഗ് എന്താണെന്നു ചോദിച്ചാൽ എഴുതി വായിക്കാമോയെന്ന് ഒരു മെമ്പർ ചോദിച്ചു. അപ്പോൾ പറഞ്ഞത് എഴുതി വായിക്കാം പക്ഷെ ഇടയ്ക്കിടയ്ക്ക് മുകളിലേയ്ക്കൊന്ന് നോക്കണം. സ്പീക്കർക്കും നേരെ ഒന്ന് നോക്കണം അങ്ങനെയാണ് റൂളിംഗ് ഉണ്ടായിട്ടുള്ളത്. മന്ത്രിമാർ സംസാരിക്കുമ്പോൾ ആ സംസാരിക്കുന്ന മുഴുവൻ കാര്യങ്ങളും വ്യക്തമായി മനസ്സിലാക്കണമെന്ന് താൽപ്പര്യമുള്ളതുകൊണ്ട് ആണ്. ഞങ്ങൾ പറയുന്നത് വ്യക്തമല്ലാതിരിക്കണം എന്നുള്ള നിർബന്ധമാണോ ആര്യാടൻ മുഹമ്മദിനുള്ളത്. ഇവിടെ മറ്റ് പല മെമ്പർമാർ സംസാരിച്ചപ്പോഴും. ഇങ്ങനെ ഉണ്ടായിട്ടുണ്ട്. മണ്ണെണ്ണ കിട്ടാത്ത ഒരു പ്രശ്നമാണ് ഇവിടെ പ്രധാന പ്രശ്നമായിട്ട് ഉന്നയിച്ചത്. മണ്ണെണ്ണ കിട്ടുന്നതിനുവേണ്ടി കേന്ദ്രത്തിൽ പല പ്രാവശ്യം സമ്മർദ്ദം ചെലുത്താൻ ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് മണ്ണെണ്ണയ്ക്കുള്ള പെർമിറ്റ് ഞങ്ങൾക്ക് തന്നാൽ മതി. പുറത്തുനിന്നും മണ്ണെണ്ണ കൊണ്ടുവന്നാൽ അതിന് ഒരു ലിറ്ററിന് 12 രൂപ ആകും. അതുകൊണ്ട് നികുതിയിൽ ഇളവ് ചെയ്ത് ഒന്നര രൂപയ്ക്ക് മണ്ണെണ്ണ കൊടുക്കാനുള്ള സൗകര്യം ചെയ്തു തരണമെന്നു പറഞ്ഞിട്ട് ശ്രീ. നായനാരെ അഭിനന്ദിക്കുന്ന ഒരു കേന്ദ്രമന്ത്രിയും ഇതിന് സൗകര്യമൊന്നും ചെയ്തു തന്നിട്ടില്ല. എന്നാലും ഇപ്പോൾ ഞങ്ങൾ ജോയിന്റ് വെരിഫിക്കേഷൻ നടത്തി മണ്ണെണ്ണ കൂടുതൽ കൊടുക്കാനായിട്ടുള്ള പരിശ്രമം നടത്തി വരികയാണ്. പുറമെനിന്നും മണ്ണെണ്ണ വരുത്തികൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. അങ്ങനെ ആ മണ്ണെണ്ണ ക്ഷാമത്തിന് മോചനം നേടാൻ സാധിച്ചിട്ടുണ്ട്. പിന്നെ പ്രധാനപ്പെട്ട ഒരു കാര്യം ക്ഷേമപ്രവർത്തനങ്ങളുടെ തോത് വർദ്ധിച്ചിട്ടുണ്ട്. അത് പല മെമ്പർമാരും ഇവിടെ പറഞ്ഞു. 25,000 രൂപ എന്നുള്ളത് 50,000 രൂപയാക്കി. ഇൻഷുറൻസ് ചെയ്തിട്ടുള്ളത് ഒന്നരലക്ഷം രൂപ എന്നുള്ളത് രണ്ട് ലക്ഷമാക്കി. അതുപോലെതന്നെ രോഗം കൊണ്ടു മരിച്ച മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് 5000 രൂപ ഡിപ്പാർട്ട്മെന്റിൽ നിന്നും കൊടുക്കുന്നുണ്ട്. അതുപോലെതന്നെ ഇൻഷ്വറൻസ് തുക ഒരു ലക്ഷം എന്നുള്ളത് രണ്ട് ലക്ഷമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിദാരുണമായ രോഗം ആണെങ്കിൽ 40,000 രൂപ വരെ ചികിത്സാ സൗകര്യം ചെയ്യുന്നുണ്ട്. ഇവിടെ മറ്റ് മെമ്പർമാർ സംസാരിച്ചപ്പോൾ ചില തെറ്റിദ്ധാരണാപരമായ കാര്യങ്ങൾ പറഞ്ഞതിന് മറുപടി പറയേണ്ടതായിട്ടുണ്ട്. കുട്ടനാട് പാടശേഖരങ്ങളിലെ മത്സ്യക്കൃഷി വികസനത്തിന്റെ ഫലമായി തൊഴിലാളികൾക്ക് തൊഴിൽ സാദ്ധ്യതയില്ലാതാകും. കൃഷിക്കാർക്ക് കൂടുതൽ ഗുണം കിട്ടാനും മത്സ്യസമ്പത്ത് കൂട്ടാനും വേണ്ടി സംയോജിതമായിട്ട് ഒരു കൃഷി സമ്പ്രദായം നടപ്പാക്കാൻ പോകുന്നുവെന്നു പറഞ്ഞിട്ടുണ്ട്. അത് കൂടുതൽ വിപുലമാക്കുന്നതിനുവേണ്ടി വിദഗ്ദ്ധ ഉപദേശം കിട്ടാൻ വേണ്ടി ഗവൺമെന്റ് ഒരു കമ്മിറ്റി വച്ചിട്ടുണ്ട്. രണ്ട് കൃഷിയും പരസ്പരപൂരകമായി കൊണ്ടു നടക്കാൻ പറ്റുന്ന രീതിയിൽ നിർദ്ദേശം തരണമെന്ന് പറഞ്ഞിട്ടുണ്ട്. ആ നിർദ്ദേശം കിട്ടി കഴിഞ്ഞാൽ അതിനെപ്പറ്റി ആലോചിക്കും. ഇപ്പോൾ കുട്ടനാട് പ്രദേശങ്ങളിൽ വളരെ കാലമായി ചെയ്തു പോരുന്ന ഒരു കൃഷിയാണ്. കൊയ്ത്തു കഴിഞ്ഞാൽ പാടങ്ങളിൽ ചീയുന്ന വയ്ക്കോലിൽ നിന്നുള്ള വളം കൊണ്ട് മത്സ്യക്കൃഷിക്കും ആ മത്സ്യവളം കിട്ടി നെൽക്കൃഷിക്കും പ്രയോജനകരമായ രൂപത്തിൽ രണ്ട് കൃഷിയും നടത്താനായിട്ട് സാധിക്കും. പൊക്കാളി കൃഷി നടന്നുവരുന്നതിന്റെ അനുഭവം ഡോ.എം.എ. കുട്ടപ്പനറിയാം. അപ്പോൾ ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് ആക്ഷേപിച്ചിട്ട് കാര്യമില്ല. ക്ഷേമപ്രവർത്ത

LIBRARY ARCHIVES Kerala Legislative Assembly

നങ്ങളുടെ കാര്യത്തിൽ ഞാൻ പറഞ്ഞു സ്ത്രീകൾക്കു തൊഴിൽ കിട്ടാൻ വേണ്ടി ഒരുപാട് പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. അതിലൊന്നാണ് അലങ്കാര മത്സ്യക്കൃഷി. അതിനെ സംബന്ധിച്ച് ഇവിടെ ആക്ഷേപം കേട്ടു. ഇവിടെ രണ്ട് കേന്ദ്രങ്ങളിൽ അലങ്കാര മത്സ്യക്കൃഷി പ്രദർശനം നടത്തിയപ്പോൾ ലക്ഷക്കണക്കിനാളുകൾ ഉണ്ടായിരുന്നു. രാത്രി 11.00 മണിക്കും 25,000 വരുന്ന ആളുകൾ ടിക്കറ്റ് കിട്ടാതെയുണ്ടായിരുന്നു. അതിൽ നിന്നുള്ള വരുമാനം ഉപയോഗിച്ചു കൊണ്ട് അവർക്ക് പരിശീലനം കൊടുക്കുന്നു. ആ പരിശീലനം കിട്ടിയ ആളുകൾ നാട്ടിൻപുറങ്ങളിൽപ്പോയി സ്ത്രീകളെ പരിശീലിപ്പിച്ച് ചുരുങ്ങിയത് 25,000 പേർക്ക് പുതിയ തൊഴിൽസാദ്ധ്യതകൾ ഉണ്ടാക്കണം. അതുപോലെ തന്നെയാണ് ജനകീയ മത്സ്യക്കൃഷിയുടെ കാര്യത്തിലും ഗവൺമെന്റ് ഇപ്പോൾ ചെയ്തു വരുന്നത്. വളരെ വിജയകരമായിട്ടുള്ള ഒരു സംരംഭമായിട്ടാണ് അതിനെക്കുറിച്ച് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. തീരജ്യോതിയുടെ കാര്യം. ഇവിടെ ആദ്യം സംസാരിച്ച മെമ്പർ പറഞ്ഞു തീരജ്യോതി എന്നു വച്ചാൽ ആയിരം രൂപ മത്സ്യത്തൊഴിലാളി കുടുംബത്തിന് ഒരു ബൾബ് ഇടാൻ കൊടുത്തതാണ്, എന്നാൽ ആ ബൾബിന് കറണ്ട് കിട്ടിയിട്ടില്ലയെന്ന്. ഇലക്ട്രിഫിക്കേഷന്റെ കാര്യത്തിൽ കണക്ഷൻ നൽകുമ്പോൾ മത്സ്യത്തൊഴിലാളികൾക്ക് പ്രിഫറൻസ് കൊടുക്കണമെന്ന് പറഞ്ഞു. ഗവൺമെന്റിൽ നിന്നു തന്നെ ഒരു ഓർഡർ പുറപ്പെടുവിച്ചിട്ടുണ്ട്. അതുപോലെതന്നെ റോഡുകളൊന്നും വന്നില്ലെന്ന് ശ്രീ. പി.ജെ. ഫ്രാൻസിസ് പറഞ്ഞത് ശരിയല്ല. 158 റോഡുകളുടെ പണി മിക്കവാറും പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. എവിടെയെങ്കിലും ഒരു റോഡ് പൂർത്തിയായില്ല എന്നുള്ളത് എനിക്കറിയില്ല. അതറിയിച്ചാൽ ആ കാര്യം ശ്രദ്ധിക്കാൻ കഴിയും. പിന്നെ വീടുകളുടെ കാര്യം പറഞ്ഞത് കേന്ദ്ര ഗവൺമെന്റിന്റെ പണമാണെന്നാണ്. കേന്ദ്ര ഗവൺമെന്റിന്റെ പണം ഈ നാട്ടുകാരുടെ പണമല്ലേ? 35,000 രൂപ വീടിനു കൊടുത്തത് കേന്ദ്ര ഗവൺമെന്റിന്റെ പണമാണെന്നാണ് പറഞ്ഞത്. എന്റെ നാട്ടിൽ ഒരു കള്ളുഷാപ്പുകാരൻ പറഞ്ഞത് കേന്ദ്രത്തിന്റെ "അഡ്ജറ്റിൻ" പ്രകാരമാണെന്നാണ്. ബഡ്ജറ്റിനെയാണ് "അഡ്ജറ്റ്" എന്നു പറയുന്നത്. അങ്ങനെ വർത്തമാനം പറഞ്ഞിട്ട് കാര്യമുണ്ടോ? കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടിയാണ് ചില പദ്ധതികൾ ഇവിടെ നടപ്പാക്കുന്നത്. ഇനി ഈ വർഷം നടപ്പാക്കാനുദ്ദേശിക്കുന്ന ചില പദ്ധതികളെക്കുറിച്ച് ഞാൻ പറയാം. അത് ഏതായാലും നോക്കി വായിക്കാൻ പോവുകയാണ്. എനിക്ക് വായിക്കാൻ അറിയാത്തതുകൊണ്ടും പ്രസംഗിക്കാൻ അറിയാത്തതുകൊണ്ടുമല്ല. ഇത് നോക്കി തന്നെ വായിക്കണം. 5000 രൂപ വരെയാതൊരു ജാമ്യവും കൂടാതെ ബാങ്കുകളിൽനിന്നും വായ്പ ലഭിക്കാൻ സഹായിക്കുന്ന മത്സ്യത്തൊഴിലാളി ക്രെഡിറ്റ് കാർഡ് പദ്ധതിക്ക് രൂപം നൽകി നടപ്പാക്കും. ഇൻഡ്യൻ നേവിയുടെ സഹായത്തോടെ മത്സ്യത്തൊഴിലാളികൾക്ക് പരിശീലനം നൽകി അപകട സുരക്ഷാ പ്രവർത്തനങ്ങൾ ശക്തമാക്കാൻ കടൽരക്ഷാസേന രൂപീകരിക്കും. തിരുക്കൊച്ചി-മലബാർ ആക്ടുകൾ സംയോജിപ്പിച്ച് ഒരു ഏകീകൃത ഫിഷറീസ് നിയമം നടപ്പാക്കും. ഓരോ മത്സ്യഭവനോടും അനുബന്ധമായി ഓരോ ഗൈഡൻസ് സെന്ററുകൾ രൂപീകരിച്ച് മത്സ്യത്തൊഴിലാളികളുടെ അപേക്ഷകൾ തയ്യാറാക്കുവാനും മറ്റു ഓഫീസ് ജോലികൾക്ക് സഹായം നൽകാനും ഫിഷർമെൻ ഗൈഡൻസ് സെന്ററുകൾ സ്ഥാപിക്കും. അപകടമരണ ഇൻഷ്വറൻസ് തുക വർദ്ധിപ്പിക്കും. അപകടമരണത്തിന് ഇരയാകുന്ന മത്സ്യത്തൊഴിലാളി കുടുംബത്തിന് മത്സ്യഫെഡ് വഴി നൽകുന്ന അപകട-മരണ ഇൻഷ്വറൻസ് സഹായം ഒരു ലക്ഷം രൂപയിൽ നിന്നും ഒന്നര ലക്ഷം രൂപയായി വർദ്ധിപ്പിക്കും. പിന്നീട് പുതിയൊരു ഇൻഷ്വറൻസ് പദ്ധതി-മത്സ്യബന്ധനോപകരണങ്ങളുടെ ഇൻഷ്വറൻസ്. എൻജിനും വള്ളവും വലയും ഉൾപ്പെടെ മത്സ്യഫെഡ് വഴി നൽകുന്ന എല്ലാ മത്സ്യബന്ധനോപകര

LIBRARY ARCHIVES Kerala Legislative Assembly

ണങ്ങൾക്കും ഗ്രൂപ്പ് ഇൻഷ്വറൻസ്. ഇനി അപ്പുറത്ത് നിന്ന് ചില മെമ്പർമാർ സംസാരിച്ചതിനെ സംബന്ധിച്ച് ചില കാര്യങ്ങൾ പറയാം. ശ്രീ. ഡൊമിനിക് പ്രസന്റേഷന്റെ പ്രസംഗമായിരുന്നല്ലോ ആദ്യം. എഫ്.എ.സി.റ്റി.യിലെ വിഷ ജലം മൂലം മത്സ്യത്തൊഴിലാളികൾക്ക് വന്ന നാശത്തിന് ഒരു സഹായവും ചെയ്തില്ലെന്ന് പറയുന്നത് ശരിയല്ല. കാരണം 30 ലക്ഷം രൂപയുടെ നഷ്ടപരി ഹാരം കൊടുക്കാൻ കളക്ടർ നിശ്ചയിച്ചുവെങ്കിലും എഫ്.എ.സി.റ്റി കോടതി യിൽ പോയി തടസ്സം വരുത്തിയതുകൊണ്ട് അത് നടപ്പാക്കാൻ സാധിച്ചില്ല. മത്സ്യത്തൊഴിലാളികൾക്ക് ഒരാഴ്ചത്തെ സൗജന്യറേഷൻ നൽകി. മത്സ്യത്തൊ ഴിലാളികൾക്ക് 1000 രൂപാവീതം പലിശരഹിത വായ്പയായി പത്തുലക്ഷം രൂപ അനുവദിച്ചു. പിന്നെ ശ്രീ. ഡൊമിനിക് പ്രസന്റേഷൻ പറഞ്ഞ മറ്റൊരു കാര്യമു ണ്ട്, ഈ ഗവൺമെന്റ് വന്നതോടുകൂടി ചാകരയും പറന്നുപോയി എന്ന്. നിങ്ങൾ ബസ്സിൽ ആ വഴിക്ക് പോകാറില്ലേ? അതോ ട്രെയിനിലാണോ? ഞാൻ രണ്ടു മൂന്നു ദിവസം മുമ്പ് എറണാകുളത്തേക്ക് പോകുമ്പോൾ ആലപ്പുഴ ഭാഗത്ത് ചാകര കൊണ്ട് നടക്കാൻ സാധിച്ചില്ല. അത്ര വലിയ തിരക്കാണവിടെ. എന്റെ ഒരു കൺവെൻഷൻ അവിടെ വച്ചിരുന്നു. അത് ചാകര കൊണ്ട് മത്സ്യ ത്തൊഴിലാളികൾ മുഴുവൻ ആ പ്രദേശത്താണെന്നു പറഞ്ഞുകൊണ്ട് മാറ്റി വയ്ക്കാനിടയായി. അപ്പോൾ ചാകര ഇഷ്ടം പോലെ അവിടെയുണ്ട്. ഒരു കാര്യം ചെയ്യൂ ഇന്ന് വൈകുന്നേരം പോകുമ്പോൾ അതിലെ പോകണം. അപ്പോൾ കാണാൻ പറ്റും. ആലപ്പുഴ ജില്ലയിലെ പുന്തല എന്ന സ്ഥലത്താണ് ചാകരയുള്ളത്. ആലപ്പുഴ ജില്ലയിലെ മുഴുവൻ മത്സ്യത്തൊഴിലാളികളും ഉത്സ വലഹരിയോടെ അവിടെ കൂടുകയാണ്. ചാകരകൊണ്ട് വലിയ കാര്യമില്ലെ ങ്കിൽ ചാകരയില്ലെന്നു പറഞ്ഞത് വലിയ കാര്യമല്ലേ? പൊക്കാളി പാടങ്ങളിൽ നിലവിലുള്ള നെല്ലും ചെമ്മീനും കൃഷി ചെയ്യുന്ന രീതിതന്നെ തുടരും. അതിന് യാതൊരു മാറ്റവും വരുത്തുന്നതല്ല. ഇപ്പോൾ ഗവൺമെന്റ് കമ്മിറ്റിക്ക് റഫർ ചെയ്തിട്ടുള്ളതിൽ ഈ പ്രശ്നവും കൂടി ഉൾപ്പെടുന്നതാണ്. അതു പോലെ ജനകീയ മത്സ്യക്കൃഷിക്ക് നിയമിച്ച ഉദ്യോഗസ്ഥൻമാരെ പി.എസ്.സി. വഴി എടുക്കണമെന്ന് ഇവിടെ നിർദ്ദേശമുണ്ടായി. ഒന്നാമത് താൽക്കാലികമാ യെടുക്കുന്ന ആളുകളാണിത്. താൽക്കാലികമായി എടുക്കുന്ന ആളുകളെ പി. എസ്.സി. വഴി നമ്മൾ ആവശ്യപ്പെട്ടാൽ നമുക്ക് കിട്ടാൻ നിവൃത്തിയില്ല. പിന്നെ കോൺട്രാക്ട് ബെയിസിസിൽ എംപ്ലോയ്മെന്റ് എക്സചേഞ്ചിൽ നിന്നും ലിസ്റ്റ് വരുത്തി ഇന്റർവ്യൂ നടത്തിയാണ് അവരെ എടുത്തത്. കോൺട്രാക്ട് ബെയിസിസിലാകുമ്പോഴേക്കും ഈ ആവശ്യം കഴിയുമ്പോൾ അവരെ പറഞ്ഞു വിടാനും സാധിക്കും. പിന്നീട് പി.എസ്.സി. വഴിയുള്ള ലിസ്റ്റിൽ നിന്നും ആളുകളെ കിട്ടാത്തതിനെ സംബന്ധിച്ച് അവസാനം പറ ഞ്ഞത് ശരിയാണ്. 22 വേക്കൻസികൾ ഇപ്പോൾ നികത്താനുണ്ട്. പി.എസ്.സി. വഴി ഡി.പി.സി. കൂടി ആളുകളെ കിട്ടാത്തതുകൊണ്ടും ഹൈക്കോടതിയിൽ ഒരു കേസും പോയി. ഇത് രണ്ടിന്റേയും ഫലമായി ഇത്രയും ആളുകളെ പോസ്റ്റ് ചെയ്യാൻ നമുക്ക് സാധിച്ചിട്ടില്ല. പിന്നെ ശ്രീ. പി.ജെ. ഫ്രാൻസിസ് പറഞ്ഞ കാര്യം എക്സ്പോർട്ടേഴ്സിൽ നിന്നും ഒന്നും പിരിച്ചെടുത്തില്ല എന്നാണ്. ഇത് ശരിയല്ല. ഓർമ്മപ്പിശക് വരാൻ പാടില്ലല്ലോ. എക്സ്പോർട്ടേ ഴ്സിൽ നിന്നും 1991 മുതൽ 1996 വരെ യു.ഡി.എഫ്. ഗവൺമെന്റ് അഞ്ചു വർഷം കൊണ്ട് പിരിച്ചത് വെറും അഞ്ച് ലക്ഷം രൂപയാണ്. എന്നാൽ 1996 മുതൽ 1999 വരെ മൂന്നു വർഷം കൊണ്ട് പിരിച്ചത് 124 ലക്ഷം രൂപയാണ്. പിന്നെ ഇങ്ങനെ പറഞ്ഞാലോ? ഇപ്പോൾ സ്റ്റേയില്ല. അതുകൊണ്ട് സ്റ്റേ ചെയ്തു എന്നു പറയുന്ന സംഗതി ഇപ്പോൾ നിലവിലുള്ള പ്രശ്നമല്ല.

LIBRARY ARCHIVES Kerala Legislative Assembly